പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2414** **19.07.2016**-ലെ മറുപടിക്ക്

## <u>കെ എസ് ആർ ടി സി യാത്രക്കാർക്കുള്ള സൗകര്യങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ. ഹൈബി ഈഡൻ
'' ഐ.സി.ബാലകൃഷ്ണൻ
'' കെ.എസ്.ശബരീനാഥൻ
'' അടൂർ പ്രകാശ്

<u>ഉത്തരം</u>

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ എസ് ആർ ടി സി യിൽ മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയത്; വിശദീകരിക്കുമോ; | (എ) യും<br>(ബി) യും<br>(സി) യും | സംസ്ഥാനത്ത് മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം വിപുലീകരിക്കുക എന്നതുകൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള 241 സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി ഇതിനകം 208 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ടി സർവ്വീസുകൾ കൃത്യതയോടെ നടത്തുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വരും ദിവസങ്ങളിൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീ. ദൂരം കർണ്ണാടകയിൽ അധികമായി സർവ്വീസ് നടത്തുന്നതിന് ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. ആയത് വിജ്ഞാപനം ആകുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി കർണ്ണാടകയിലേക്ക് ആരംഭിക്കുന്ന |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഇത് പ്രാവർത്തികമാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | താണ്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ അത് യാഥാർത്ഥ്യമാകുന്നതോടു കൂടി തമിഴ്നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവ് മൂലം ഇടക്കാലത്ത് മുടങ്ങി കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി ആരംഭിച്ച് കഴിഞ്ഞു. ആയതിന്റെ തുടക്കമായി കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻ ബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. യാത്രാസൗകര്യം മെച്ചമാക്കുക എന്നത് ലക്ഷ്യമിട്ട് എറണാകുളത്ത് നിന്നും പുതുച്ചേരിയിലേക്കും, തിരുപ്പതിയിലേക്കും, കോഴിക്കോട് നിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെ വഴി മുംബൈക്കും, പുറമെ എറണാകുളത്ത് നിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ നടപ്പിലാക്കുവാനുള്ള ശ്രമത്തിലുമാണ്. പുറമെ മൾട്ടി ആക്സിൽ സ്കാനിയ തുടങ്ങിയ ആഡംബര ബസ്സുകൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി കേരളത്തിലെ വിവിധ ഡിപ്പോകളിൽ നിന്നും ബാംഗ്ലൂരിലേക്കും തിരിച്ചും അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നുണ്ട്. യാത്രക്കാർക്ക് തിരക്കി |

| | | | |
|---|---|---|---|
| | | | ല്ലാത്ത ദിവസങ്ങളിൽ കുറഞ്ഞ ചെലവിൽ യാത്ര ചെയ്യുന്നതിലേക്കായുള്ള ഫ്ളെക്സി ചാർജ്ജ് സംവിധാനം ഇതിനകം തന്നെ കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സർവ്വീസുകളിൽ നടപ്പിൽ വരുത്തി കഴിഞ്ഞിട്ടുണ്ട്.<br>കെ എസ് ആർ ടി സിയിൽ ബസുകളുടെ ശരാശരി പ്രായം 12 വർഷമാക്കുന്നതിനായി 2014-ൽ 1500 ഷാസികൾ ടെൻഡർ ക്ഷണിച്ച് പർച്ചേയ്സ് ഓർഡർ നല്കുകയും ഇതിൽ 1000 ബസുകൾ നിരത്തിലിറക്കുകയും ചെയ്തു. ശേഷിച്ച 500 ബസുകളിൽ 150 എണ്ണം സുഖകരമായ യാത്ര പ്രദാനം ചെയ്യുന്ന എയർ സസ്പെൻഷൻ ഷാസികളാണ്. ദീർഘദൂരയാത്രക്കായി 2014-ൽ 10 വോൾവോ മൾട്ടി ആക്സിൽ എ.സി ബസുകൾ വാങ്ങി ബാംഗ്ലൂർ നഗരത്തിലേക്ക് സർവീസ് ആരംഭിച്ചു. 2016-ൽ 18 സ്കാനിയ മൾടി ആക്സിൽ ബസുകൾ വാങ്ങി ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക, കോയമ്പത്തൂർ, കണ്ണൂർ എന്നിവിടങ്ങളിലേക്ക് സർവീസ് നടത്തിവരുന്നു. കൂടാതെ മേൽപ്പറഞ്ഞ 28 ദീർഘദൂര പ്രീമിയം എ.സി ബസുകളിൽ യാത്രക്കാർക്ക് കുടിവെള്ളം, പുതപ്പ് മുതലായവ ലഭ്യമാക്കുന്നുണ്ട്.<br>മേൽ സൂചിപ്പിൽ കർമ്മ പദ്ധതികളിലൂടെയും നിലവിലുള്ള മറ്റ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിലൂടെയും മെച്ചപ്പെട്ട യാത്രസൗകര്യങ്ങൾ യാത്രക്കാർക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ